- പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ.
- കുറ്റിച്ചെടിയും മറ്റും മാറ്റൽ
- എലി, മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ
- പ്രദേശത്തെ വീടുകൾ, കടകൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുടെ കൃത്യമായ വിവരങ്ങൾ

തുടങ്ങിയ പ്രവർത്തികളുടെ ലിസ്റ്റും നിർവഹണ ഏജൻസികളേയും, പദ്ധതിയും ഫണ്ടും വകയിരുത്തി കർമ്മപദ്ധതി അംഗീകരിക്കണം.

**പഞ്ചായത്ത്/നഗരസഭാതല പ്രീമൺസൂൺ കാമ്പയിൻ**

മെയ് 4-ാം വാരം തന്നെ എല്ലാ ശുചിത്വ പ്രവൃത്തികളും ആരംഭിക്കുന്ന നിലയിൽ പ്രവൃത്തികളുടെ തുടക്കം ഉണ്ടാകണം. തുടർന്ന് മെയ്മാസം 23 മുതൽ 30 വരെ നീണ്ടു നിൽക്കുന്ന വിപുലമായ പ്രചാരണം ഓരോ വാർഡിലും സംഘടിപ്പിക്കണം.

**'ഡ്രൈഡേ' സന്ദേശം എല്ലാ വീടുകളിലേക്കും**

എല്ലാ വീടുകളിലേക്കും ഡ്രൈഡേ' സന്ദേശം എത്തിക്കുന്ന നിലയിലുള്ള പ്രചാരണ പ്രവർത്തനത്തിന് ആരോഗ്യപ്രവർത്തകരായ 'ആശ' മാരുടെയും, പഞ്ചായത്തംഗങ്ങളുടെയും മറ്റു വകുപ്പുകളിൽ ജോലി നോക്കുന്ന ഗ്രാമതല പ്രവർത്തകരുടെയും നേതൃത്വത്തിൽ ടീമുകൾ രൂപീകരിച്ച് ചുമതല നൽകുകയും അതാത് ഉദ്യോഗസ്ഥർ ഇതിന്റെ പുരോഗതി പരിശോധിക്കുകയും വേണം.

<u>സ്ക്കൂൾതല</u> പ്രവർത്തനം

തെളിമ പ്രവർത്തനപരിപാടി ഈ കാമ്പയിനിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് മനസ്സിലാക്കുവാനും സ്കൂളുകളിൽ എത്തുമ്പോൾ ഇവരുടെ അവധിക്കാല മാലന്യമുക്ത പ്രവർത്തനങ്ങളുടെ അവതരണം സ്കൂളുകളിൽ നടത്തുന്നതിന് വിദ്യാഭ്യാസവകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ക്കൂൾ പരിസരമടക്കം ശുചിത്വ പ്രവർത്തനങ്ങളുടെ ഭാഗമായി വൃത്തിയായി സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകണം.

<u>പ്രോജക്ട് രൂപീകരണം വിഭവസമാഹരണം</u>

പരിശീലനം, പ്രചാരണം, വിവിധ ശുചീകരണ പ്രവൃത്തികൾ എന്നിവയുൾപ്പെടുത്തിയുള്ള പ്രോജക്ടുകൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ രൂപം നൽകണം. ഗ്രാമീണ ആരോഗ്യ ദൗത്യം, നിർമ്മൽപുരസ്കാരതുക, സർവ്വശിക്ഷാ അഭിയാൻ തുടങ്ങിയ പദ്ധതികളുടെ ലഭ്യമായിട്ടുള്ള തുകയും, വിവിധ പദ്ധതികളുടെ ബജറ്റ് വിഹിതത്തിൽ നിന്നും ലഭിക്കാവുന്ന തുകകളടക്കം സമാഹരിച്ചുകൊണ്ടുള്ള പ്രോജക്ടിനായിരിക്കണം രൂപം നൽകേണ്ടത്. പദ്ധതിതുകയിൽ നിന്നും ആവശ്യമായ തുക ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പ്രോജക്ടിനായി ചെലവഴിക്കാവുന്നതാണ്.

<u>രോഗനിരീക്ഷണം</u>

ആശ, കുടുംബശ്രീ വോളണ്ടിയേഴ്സ്, അംഗൻവാടി പ്രവർത്തകർ, മറ്റ് സന്നദ്ധ പ്രവർത്തകർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെകടർ തുടങ്ങിയവർ ഗൃഹ സന്ദർശനം നടത്തി പനി നിരീക്ഷണവും ഈഡിസ് കൊതുകു നിരീക്ഷണവും നടത്തുന്നതിനുള്ള

